

പുൽപ്പള്ളിയിലെ കൊട്ടമരട്ട് കോളനിയിലെ ആദിവാസി വൃദ്ധ



മുത്തങ്ങ സമരത്തിന് ശേഷം

ഫോട്ടോഫീച്ചർ

# കൊട്ടമരട്ട് കോളനിക്കാർ മുത്തങ്ങ സമരത്തിൽ പങ്കെടുത്തത് എന്തിന്?


റിപ്പോർട്ട്: **സീബാ പോൾ, ഫാ. അഗസ്റ്റിൻ, റോബിൻ**

ചിത്രങ്ങൾ: **വിഷ്ണു ഹരി**


**മുത്തങ്ങയ്ക്ക് ശേഷം വയനാട്ടിലെ ആദിവാസി കോളനികളുടെ സ്ഥിതി**

**നൂറ്റാണ്ടുകൾ** പഴക്കമുള്ള വയനാടിന്റെ സാംസ്കാരിക ചരിത്രത്തെ സമ്പന്നമാക്കിയ ഗോത്രജനത പരിഷ്കൃതകാലത്ത് നേരിടേണ്ട വന്ന സാമൂഹിക പുറം തള്ളലുകളുടെ ബാക്കിപത്രമാണ് ഇന്ന് വയനാട് ജില്ലയുടെ പല സ്ഥലങ്ങളിലായി ചിതറിക്കിടക്കുന്ന ആദിവാസി കോളനികൾ. തനതുസംസ്കാരവും സ്വയാശ്രിതമായ ജീവിതശൈലിയുമായി ഏറെ സവിശേഷതകളുള്ള ഭൂപ്രദേശങ്ങളിൽ കഴിഞ്ഞിരുന്ന ആദിവാസികൾ വരേണ്യരുടെ അധിനിവേശം ഇരച്ചുകയറിയതോടെ കോളനികളിൽ കുടിയിരുത്തപ്പെട്ടു. പരിചിതമല്ലാത്തതും തങ്ങൾക്ക് അനുയോജ്യമല്ലാത്തതുമായ വയനാടിന്റെ പുതിയ സങ്കരസംസ്കാരത്തിനോട് ഇടപഴകാനാകാതെ അഭയാർത്ഥികളെപ്പോലെ കോളനികളിൽ അവർ നരച്ച് ജീവിക്കുന്നു. പുറത്തിറങ്ങിയാൽ കുടിയേറ്റം നിർമ്മിച്ചെടുത്ത പുതിയ ടൗൺഷിപ്പുകളിലെ അശുഭക്കാഴ്ചകളായി അവർ മുറിച്ചുമാറ്റപ്പെടുന്നു. മാറിവന്ന അധികാരശക്തികളും വംശീയാധിപത്യസംസ്കാരവും വർഗ്ഗപരമായ സവിശേഷതകളെ ഇല്ലായ്മചെയ്ത്, കോളനികൾ കെട്ടി അധസ്ഥിതരാക്കിയ ഭൂമിയുടെ പുരാതന അവകാശികളുടെ സ്വാതന്ത്ര്യപ്രഖ്യാപനമായിരുന്നു മുത്തങ്ങ സമരം. അടിച്ചമർത്തലുകളുടെയും അവഹേളനങ്ങളുടെയും ചരിത്രം നിന്ദിതരും പീഡിതരുമാക്കിയ ഗോത്രജനത വർദ്ധിതവീര്യത്തോടെ മുത്തങ്ങയിൽ സമരം ചെയ്യാനെത്തി. വന്ധ്യകരണം വരെ നടത്തി ആദിവാസികളെ വംശീയമായി ഉന്മൂലനം ചെയ്യാൻ ശ്രമിച്ചിട്ടുള്ള ഭരണവർഗ്ഗം മുത്തങ്ങയുടെ സമരവീര്യത്തെ വെടിയുതിർത്ത് തോൽപ്പിച്ചു. അധികാരലാത്തിക്ക് പൊതുസമൂഹം



കൊട്ടമരട്ട് കോളനിയിൽ നിന്നുള്ള ദൃശ്യം

ഒളിസേവ ചെയ്തതോടെ അടിച്ചമർത്തൽ അതിവേഗം കഴിഞ്ഞു. സമരചരിത്രത്തിലെ നിർണ്ണായക മുന്നേറ്റമായി മുത്തങ്ങ മാറിയിട്ടും ഭരണകൂടത്തിന്റെയും വരേണ്യവർഗ്ഗത്തിന്റെയും വംശീയാധിപത്യത്തിന് ആദിവാസി സമൂഹം തുടർന്നും ഇരകളാകുന്ന കാഴ്ചയാണ് കേരളം കണ്ടത്. മുത്തങ്ങ സമരത്തിൽ പങ്കെടുത്തതിനെ തുടർന്ന് തീവ്രവാദികളും വനം കയ്യേറ്റക്കാരുമായി മുദ്രകുത്തപ്പെട്ട ആദിവാസികൾ ഇന്നെവിടെയാണ്. മുത്തങ്ങയിലെ സംഭവവികാസങ്ങളെത്തുടർന്ന് അറസ്റ്റ് വരിക്കുകയും കാട്ടിലേക്ക് ഓടിരക്ഷപെടുകയും ചെയ്തവരെല്ലാം കോളനികളിലെ ദുരിതങ്ങളിലേക്ക് മടങ്ങിപ്പോവുകയാണുണ്ടായത്. ഭൂമിയെന്ന അവകാശത്തിൽ നിന്നും വേരോടെ അടർത്തിമാറ്റപ്പെട്ട ആ ജീവിതങ്ങളെത്തേടി വയനാട്ടിലെ ആദിവാസി കോളനികളിലേക്ക് ജാനുവിനും ഗീതാനന്ദനുമൊപ്പം കേരളീയം നടത്തിയ യാത്രാനുഭവങ്ങളിലേക്ക്...

വയനാട് ജില്ലാതിർത്തിയിലെ പ്രമുഖ പട്ടണമായ സുൽത്താൻ ബത്തേരിയിൽ നിന്നും ജീപ്പിലായിരുന്നു കോളനികളിലേക്കുള്ള യാത്രതുടങ്ങിയത്. പുൽപ്പള്ളിയിലേക്കായിരുന്നു ആദ്യയാത്ര. ജാനുവും ഗീതാനന്ദനും ഗോത്രമഹാസഭയുടെ മറ്റ് പ്രവർത്തകരും കോളനികളുടെ ദുരവസ്ഥകൾ യാത്രയിലുടനീളം വിവരിച്ചുകൊണ്ടിരുന്നു. പുൽപ്പള്ളിയിലേക്കായിരുന്നു ആദ്യം പോയത്.

### കൊട്ടമരട്ട് കോളനി, 14 സെന്റ് സ്ഥലം, 22 വീട്, 67 കുടുംബങ്ങൾ

പുൽപ്പള്ളി ടൗണിൽ നിന്നും നാല് കിലോമീറ്റർ അകലെയുള്ള കൊട്ടമരട്ട് കോളനിയിലേക്കാണ് ആദ്യം പോയത്. ജില്ലയിലെ തന്നെ കടുത്ത പിന്നോക്കാവസ്ഥ നേരിടുന്ന കോളനികൾ ഒന്നാണ് കൊട്ടമരട്ട് കോളനി. കോളനിയിലെ എല്ലാ കുടുംബങ്ങളും മുത്തങ്ങ സമരത്തിൽ സജീവമായുണ്ടായിരുന്നു. 14 സെന്റ് സ്ഥലത്ത് 67 കുടുംബങ്ങളാണ് കൊട്ടമരട്ട് കോളനിയിൽ താമസിക്കുന്നത്. ഒരു



മാണിക്കുഞ്ഞ് കോളനിയിലെ നിവാസികളോട് വിശേഷങ്ങൾ അന്വേഷിക്കുന്ന സി.കെ. ജാനു




കൊട്ടമരട്ട് കോളനിയിലെ കുട്ടികൾ നാല് കുടുംബങ്ങൾ കഴിയുന്ന ഇടിഞ്ഞ് വീഴാറായ മൺവീടിന് മുന്നിൽ



സിക്കിൾസെൽ അനീമിയ ബാധിച്ച മാണിക്കുഞ്ഞ് കോളനിയിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിനി ഷൈനി

വീട്ടിൽ മൂന്നും നാലും കുടുംബങ്ങൾ താമസിക്കുന്നു. ഇടിഞ്ഞുവീഴാതെ താങ്ങിനിർത്താൻ ഏറെ പണിയെടുത്തിട്ടുള്ള കാലപ്പഴക്കം ചെന്ന മൺവീടുകൾ മാത്രമാണ് കോളനിയിലുള്ളത്. മുത്തങ്ങ സമരത്തെ തുടർന്നുണ്ടായ പീഢനങ്ങളും മാനസിക സംഘർങ്ങളും സമൂഹം ഒറ്റപ്പെടുത്തിയതിന്റെ അന്യതാബോധവും അവരെ തളർത്തിയിട്ടില്ല. മുത്തങ്ങസമരത്തിന്റെ അനിവാര്യതയെക്കുറിച്ചുള്ള വ്യക്തമായ ബോധം ഇന്നും അവർക്ക് കരുത്തായി നിൽക്കുന്നു. സ്വന്തമായി ഒരു തുണ്ട് ഭൂമിപോലുമില്ലാത്തതിന്റെ ദുരന്തം തലമുറകളായി പിന്തുടരുന്നതിന്റെ ദൈന്യത അവരുടെ വാക്കുകളിൽ നിഴലിച്ചിരുന്നു. കോളനി ഇപ്പോൾ നിൽക്കുന്ന ഭൂമിയിലും അവർക്ക് അവകാശമില്ല. താവഴിയായി കൈമാറി വന്ന പട്ടയമില്ലാത്ത സ്ഥലം. മുത്തങ്ങയിലെ പോലീസ് വേട്ടയിൽ നഷ്ടപ്പെട്ട അധ്വാനിച്ചുണ്ടാക്കിയ സമ്പാദ്യങ്ങളെല്ലാം വീണ്ടും സ്വരുക്കൂട്ടാൻ ഇന്നും അവർ ഏറെ പ്രയാസപ്പെടുന്നു. വരും നാളുകളിലെങ്കിലും അടിമജീവിതത്തിൽ നിന്നും കരകയറാനാകുമെന്ന പ്രതീക്ഷയിൽ 37 കുട്ടികൾ കോളനിയിൽ നിന്നും സ്കൂളിൽ പോകുന്നുണ്ട്. മുത്തങ്ങ സമരത്തിൽ ജയിലിൽ പോയ കുട്ടികളുമുണ്ട് ആ കൂട്ടത്തിൽ. പക്ഷെ കോളനിയുടെ പിന്നോക്കാവസ്ഥ നല്ല രീതിയിലുള്ള വിദ്യാഭ്യാസത്തിനും ഇവർക്ക് വിലങ്ങുതടിയായി നിൽക്കുന്നു. കോളനിയിലുള്ള ഏകാധ്യാപക വിദ്യാലയത്തിലും ചെറിയ കുട്ടികൾ പഠിക്കാനെത്തുന്നുണ്ട്. അവിടെ ഉച്ചക്കഞ്ഞി കിട്ടുമെന്നത് അവർക്ക് അതിലേറെ ആശ്വാസമായിത്തീരുന്നു.

അവിടെ നിന്നും ഞങ്ങൾ പോയത് 20 സെന്റ് സ്ഥലത്ത് മുപ്പതോളം കുടുംബങ്ങൾ താമസിക്കുന്ന സുൽത്താൻ ബത്തേരി ടൗണിനടുത്തുള്ള മാണിക്കുഞ്ഞ് കോളനിയിലേക്കാണ്. നാഗരികതകളുമായി പൊരുത്തപ്പെടാൻ പ്രയാസപ്പെടുന്ന ഗോത്രജനതയുടെ ടൗണിനോട് ചേർന്നുള്ള ആ ജീവിതം ചേരികളെ ഓർമ്മിപ്പിക്കും വിധം



ടാർപോളിൻ ഷീറ്റുകൊണ്ട് മേൽക്കര കെട്ടിയ കൊട്ടമരട്ട് കോളനിയിലെ മൺവീടും ഏകാധ്യാപക വിദ്യാലയവും

ദുഷ്കരമായിരുന്നു. കഴിഞ്ഞയാഴ്ച ഒരു കോളറ മരണം ഈ കോളനിയിലുണ്ടായി. ഏഴാം ക്ലാസിൽ പഠിച്ചിരുന്ന മകൾ പ്രിയ കോളറ വന്ന് മരിക്കാനിടയായ സാഹചര്യം വേദനയോടെ അച്ഛൻ ഗോപാലൻ ഞങ്ങളോട് വിവരിച്ചു. കോളറ പടർന്നപ്പോഴും വെള്ളം തിളപ്പിച്ചുപയോഗിക്കാൻ നിർദ്ദേശം തന്നിട്ടുപോയതല്ലാതെ അധികൃതർ ഒന്നും ചെയ്തിട്ടില്ല എന്ന് കോളനിക്കാർ പരാതിപ്പെടുന്നു. വയനാട്ടിലെ ആദിവാസികളുടെ പേടിസ്വപ്നമായി മാറിയ സിക്കിൾസെൽ അനീമിയ ബാധിച്ച ഷൈനി എന്ന മൂന്നാം ക്ലാസുകാരിയേയും ഞങ്ങൾ കോളനിയിൽ കണ്ടു. ഇതേ രോഗം ബാധിച്ച് മറ്റൊരു കുട്ടി മുൻപ് ഇവിടെ മരണപ്പെട്ടിട്ടുണ്ട്. മദ്യപാനമാണ് കോളനി നേരിടുന്ന മറ്റൊരു പ്രശ്നം. ആകെ കിട്ടുന്ന ചെറിയ പണിക്കൂലി പോലും മദ്യത്തിനായി മുടക്കുന്നതും ദാരിദ്ര്യത്തിന്റെ വ്യാപ്തി കൂട്ടുന്നു. കോളനിയിലെ പുരുഷന്മാരുടെ മദ്യപാനം ശീലം മുതലെടുക്കാനും ചിലർ രംഗത്തെത്തിയിട്ടുണ്ട്. കോളനിയിലേക്ക് പോകുന്ന വഴിയിൽ ടോൾ സ്റ്റേഷൻ പോലെ വലിയ മദ്യശാല ഉയർന്നു നിൽക്കുന്നു. മദ്യം തേടിപ്പോകേണ്ട, മദ്യം നിങ്ങളെത്തേടിയെത്തും എന്ന സ്ഥിതികൂടിയായതോടെ നശീകരണം പൂർത്തിയാകുന്നു.

അതിനടുത്തുള്ള മാവാടി കോളനിയിലേക്കാണ് പിന്നീട് ഞങ്ങൾ പോയത്. 40 സെന്റ് സ്ഥലത്ത് 19 കുടുംബങ്ങളാണ് അവിടെ താമസിക്കുന്നത്. നഗരത്തിൽ വിവിധ തൊഴിലുകൾ തേടിപോകുന്നുണ്ടെങ്കിലും തൊഴിലില്ലായ്മ ഒരു പ്രശ്നമായി അവിടെ നിലനിൽക്കുന്നു. നഗരമാവശ്യപ്പെടുന്ന പുത്തൻ തൊഴിലുകൾ ചെയ്യാനുള്ള അറിവില്ലായ്മയും ഇവർക്ക് തൊഴിൽ നിഷേധിക്കുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആദിവാസി മേഖലയിൽ ഫലപ്രദമായിട്ടില്ല. ദിവസവും കൂലി കിട്ടില്ല എന്ന പ്രശ്നം തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ചെയ്യുന്നതിൽ നിന്നും ഇവരെ പിന്തിരിപ്പിക്കുന്നു. പതിനായിരത്തിൽ താഴെ മാത്രം ആളുകളാണ് ജില്ലയിൽ തൊഴിലുറപ്പ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. തൊഴിൽപരമായ ഈ പ്രശ്നങ്ങളാണ് കുടകിൽ 80 രൂപ ദിവസക്കൂലിക്ക് പണിയെടക്കാൻ ആദിവാസികളെ പ്രേരിപ്പിക്കുന്നത്. മദ്യപാനവും രോഗങ്ങളും കാരണം കുടകിൽ പോകുന്ന പലരും മരണപ്പെടുന്ന അവസ്ഥ ആദിവാസികൾക്കിടയിൽ ഇന്ന് വ്യാപകമാണ്.

നൂൽപ്പുഴ പഞ്ചായത്തിലെ ആദിവാസി കോളനികളിലേക്കാണ് ഞങ്ങൾ പിന്നീട് പോയത്. ഊരംകൊല്ലി, കോയാലിപ്പുര, തിരുവണ്ണൂർ, ചൂണ്ടപ്പാടി, കാക്കത്തോട്, കാര്യമ്പാടി, മുരിക്കിലാടി കോളനികൾ ഞങ്ങൾ സന്ദർശിച്ചു. മുത്തങ്ങ സമരത്തിൽ സജീവമായി പങ്കെടുത്തവരാണ് ഈ കോളനികളിലെ ആദിവാസികൾ. മുത്തങ്ങ സമരം നടക്കുന്ന സമയത്ത് സമരത്തെ പൊളിക്കുന്നതിൽ പ്രധാനപങ്ക് നൂൽപ്പുഴ പഞ്ചായത്തിനുണ്ടായിരുന്നതായും ആ വിരോധം ഇപ്പോഴും സി.പി.എം ഉൾപ്പെടെയുള്ള രാഷ്ട്രീയകക്ഷികൾ തുടരുന്നതായും ആദിവാസികൾ ഞങ്ങളോട് പറഞ്ഞു. മുത്തങ്ങ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ കോളനികളുടെ അടിസ്ഥാന ആവശ്യങ്ങൾ പരിഗണിക്കാൻ രാഷ്ട്രീയ കക്ഷികളും അവർ നേതൃത്വം നൽകുന്ന ഭരണസംവിധാനങ്ങളും തയ്യാറാകുന്നില്ല. സമരത്തെ തുടർന്നുണ്ടായ കേസുകൾക്കും പോലീസ് മർദ്ദനമുണ്ടാക്കിയ ആരോഗ്യപ്രശനങ്ങൾക്കും പുറമെ ഭരണ സ്ഥാപനങ്ങളുടെ പ്രതികാരാത്മകമായ അവഗണകൂടിയായപ്പോൾ ജീവിതം ഇവർക്ക് കൂടുതൽ ദുസ്സഹമായിത്തീർന്നിരിക്കുന്നു.

ഈ നിസ്സഹായതകൾക്കിടയിലും ഭൂമിയുടെ അവകാശികൾ തങ്ങൾ കൂടിയാണെന്നും അതിനായി സംഘടിതരാകേണ്ടതുമുണ്ടെന്ന ബോധം അവർ കെടാതെ സൂക്ഷിക്കുന്നു.

കൊട്ടമരട്ട് കോളനക്കാർ

